(സി) കോന്നിത്താഴം വാട്ടർ സപ്ലൈ സ്കീമിന്റെ നടപടികൾ ഏതവസ്ഥയിലാണെന്നും ഇതിനും ടെൻഡർ തുക എത്രയാണെന്നും വ്യക്തമാക്കാമോ ;

(ഡി) തണ്ണിത്തോട് വാട്ടർ സപ്ലൈ സ്കീമിന്റെ പണി എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും എന്നത്തേയ്ക്ക് ടെൻഡർ ചെയ്യാനാകുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) കോന്നി നിയോജക മണ്ഡലത്തിൽ പ്രമാടം മാളാപ്പാറ, കൂടൽ, ഏനാദിമംഗലം എന്നീ ശുദ്ധജലവിതരണ പദ്ധതികൾ വിപുലീകരിക്കുന്നതിന് വേണ്ടിയുള്ള പദ്ധതികൾ പി.എം.ജി.വൈ. പ്രോഗ്രാമിൽ ഉൾപ്പെടുത്തി എ.ആർ.പി. സാങ്ഷനിഗ് കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ഈ പദ്ധതികൾക്ക് എ.ആർ.പി. സാങ്ഷനിംഗ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഭരണാനുമതി നൽകുവാൻ വേണ്ട നടപടി സ്വീകരിച്ചു വരുന്നു. പദ്ധതികൾക്കുള്ള അടങ്കൽ തുക/എസ്റ്റിമേറ്റ് തുക താഴെപറയും പ്രകാരമാണ് :-

1. കൂടൽ-ഏനാദിമംഗലം - 147.50 ലക്ഷം രൂപ
2. പ്രമാടം - 222.00 ലക്ഷം രൂപ
3. മാളാപ്പാറ - 110.00 ലക്ഷം രൂപ

മേൽപ്പറഞ്ഞ പദ്ധതികളുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയശേഷം എത്രയുംവേഗം പണി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) കോന്നിത്താഴം വാട്ടർ സപ്ലൈ സ്കീമിനുവേണ്ടി തയ്യാറാക്കിയ പ്രാഥമിക എൻജിനീയറിംഗ് റിപ്പോർട്ട് അനുസരിച്ച് പദ്ധതിയുടെ എസ്റ്റിമേറ്റ് തുക ഒരു കോടിരൂപയായി കണക്കാക്കിയിരിക്കുന്നു. ഈ സ്കീമിന്റെ വിശദമായ എൻജിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

(ഡി) പ്രസ്തുത സ്കീമിന്റെ പണിക്ക് ടെൻഡർ ക്ഷണിച്ചു കഴിഞ്ഞു. പണി ആരംഭിച്ച് 3 വർഷത്തിനകം പദ്ധതി പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

കടത്തോട്, തെക്കുംകര, പാവറട്ടി ശുദ്ധജലവിതരണ പദ്ധതി കമ്മീഷൻ ചെയ്യാൻ നടപടി

37 (1189) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടത്തോട്, തെക്കുംകര, പാവറട്ടി ശുദ്ധജലവിതരണ പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും പ്രസ്തുത പദ്ധതികൾ കമ്മീഷൻ ചെയ്യുന്ന ചർച്ചകൾക്കുമായി 16-6-1999-ൽ വകുപ്പുമന്ത്രി ഉന്നതതല യോഗം വിളിച്ചു കൂട്ടിയിരുന്നുവോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ചർച്ചയിൽ പദ്ധതികൾ എന്ന് കമ്മീഷൻ ചെയ്യുമെന്നാണ് പ്രഖ്യാപിച്ചിരുന്നത് ;

(സി) ഇപ്പോൾ ഈ പദ്ധതികളുടെ പ്രവർത്തനം ഏതു ഘട്ടത്തിലാണ് ;

(ഡി) ഈ പദ്ധതികൾക്ക് മൊത്തം എത്ര തുക ചെലവ് ചെയ്തിട്ടുണ്ട് ;

(ഇ) പാവറട്ടി ശുദ്ധജല പദ്ധതി പൂർത്തിയായിട്ടും കമ്മീഷൻ ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(എഫ്) കടത്തോട്, തെക്കുംകര, പാവറട്ടി ശുദ്ധജലവിതരണ പദ്ധതികൾ എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ കഴിയും ;

(ജി) 16-6-1999-ൽ കൂടിയ ഉന്നതല യോഗത്തിൽ ചർച്ച ചെയ്തിരുന്ന വടക്കാഞ്ചേരി, മുന്നത്തിക്കോട് പഞ്ചായത്തുകളിലെ ശുദ്ധജലവിതരണം സംബന്ധിച്ച് എന്തു നടപടിയാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വിളിച്ച് കൂട്ടിയിരുന്നു.

(ബി) തെക്കുംകര ശുദ്ധജല വിതരണ പദ്ധതി 2001 ജൂൺ മാസത്തിലും കടങ്ങോട് ശുദ്ധജലവിതരണ പദ്ധതി 2001 ഡിസംബറിലും പാവറട്ടി ശുദ്ധജല വിതരണ പദ്ധതി 30-6-2000-ലും കമ്മീഷൻ ചെയ്യുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്.

(സി) തെക്കുംകര ശുദ്ധജലവിതരണ പദ്ധതി :-

ജി.എൽ.ടാങ്കിന്റെ പണി പൂർത്തിയായി. ഗ്രാവിറ്റി മെയിൻ 90 ശതമാനം പൂർത്തിയായി. ഫിൽട്ടർ പ്ലാന്റ് വർക്ക് അവാർഡ് ചെയ്തു. വാഴാനി ഡാമിൽ നിന്നും ജലം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കടങ്ങോട് ശുദ്ധജലവിതരണ പദ്ധതി :-

ഡിസ്ട്രിബ്യൂഷൻ ടാങ്കുകളുടെ പണി പൂർത്തീകരിച്ചു. ഹെഡ് വർക്സ് ഗ്യാലറി, വെൽകം-പമ്പ് ഹൗസ് എന്നിവയുടെ പണികൾ കഴിഞ്ഞു. ട്രാൻസ്ഫോർമർ കൺട്രോൾ റൂം വർക്ക് ടെണ്ടർ ചെയ്തു. ട്രാൻസ്ഫോർമർ, പമ്പ് സെറ്റ് എന്നീ പണികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. പമ്പിംഗ് മെയിനിന്റേയും ഗ്രാവിറ്റി മെയിനിന്റേയും പണികൾ നടന്നുകൊണ്ടിരിക്കുന്നു. മാസ്റ്റർ ജി.എൽ. ടാങ്കിന്റെ പണി ടെണ്ടർ ചെയ്തു. ഡിസ്ട്രിബ്യൂഷൻ പണികൾ നടന്നുകൊണ്ടിരിക്കുന്നു.

പാവറട്ടി ശുദ്ധജലവിതരണ പദ്ധതി :-

പണികളെല്ലാം പൂർത്തീകരിച്ച് ശുദ്ധജലവിതരണം നടത്തി വരുന്നു.

(ഡി) കടങ്ങോട് ഘട്ടം ഒന്നിനും രണ്ടിനും 436.96 ലക്ഷം രൂപയും തെക്കുംകര ശുദ്ധജലവിതരണ പദ്ധതിക്ക് 111.52 ലക്ഷം രൂപയും പാവറട്ടി ശുദ്ധജലവിതരണ പദ്ധതിക്ക് 4262 ലക്ഷം രൂപയും ചെലവ് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പാവറട്ടി ശുദ്ധജലവിതരണ പദ്ധതി ഔപചാരികമായി കമ്മീഷൻ ചെയ്തില്ലെങ്കിലും 1-1-2001 മുതൽ ടാപ്പുകളിൽ കൂടി ശുദ്ധജലവിതരണം നടത്തി വരുന്നുണ്ട്.

(എഫ്) തെക്കുംകര ശുദ്ധജല വിതരണ പദ്ധതിക്ക് ആവശ്യമായ വെള്ളം വാഴാനി ഡാമിൽ നിന്നും എടുക്കുന്നതിനുള്ള അനുമതി ലഭിക്കേണ്ടതുണ്ട്. കൂടാതെ, ആവശ്യമായ പൈപ്പുകളും ലഭ്യമായാൽ 2 വർഷത്തിനുള്ളിൽ കമ്മീഷൻ ചെയ്യാൻ സാധിക്കുന്നതാണ്. കടങ്ങോട് ശുദ്ധജലവിതരണ പദ്ധതിക്ക് 150 കിലോമീറ്റർ പൈപ്പുകൾ ലഭിക്കേണ്ടതുണ്ട്. പൈപ്പുകൾ ലഭിക്കുന്ന മുറയ്ക്ക് പദ്ധതി കമ്മീഷൻ ചെയ്യാൻ സാധിക്കുന്നതാണ്. പാവറട്ടി ശുദ്ധജല വിതരണ പദ്ധതിയുടെ പണികളെല്ലാം പൂർത്തീകരിച്ച് 1-1-2001 മുതൽ ടാപ്പുകളിൽ കൂടി ശുദ്ധജലവിതരണം നടത്തി വരുന്നു.

(ജി) മൂന്നത്തിക്കോട് ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള പദ്ധതികളിൽ നിന്നും ലഭ്യമായ ജലം ഉപയോഗിച്ച് കടങ്ങോട് പദ്ധതിയിൽപ്പെട്ട സ്ഥലങ്ങളിൽ പൈപ്പ് സ്ഥാപിച്ച് താത്കാലികമായി ശുദ്ധജലവിതരണം നടത്താനാകുമോ എന്ന കാര്യത്തിൽ ഗ്രാമപഞ്ചായത്തിന്റെ പദ്ധതി രേഖയുടെ വിശദവിവരം അറിഞ്ഞിട്ട് വേണ്ട തീരുമാനം എടുക്കുവാനായിരുന്നു ഉദ്ദേശിച്ചിരുന്നത്. എന്നാൽ മൂന്നത്തിക്കോട് പഞ്ചായത്തിൽ വേൾഡ് ബാങ്ക് പ്രോജക്ട് വന്നതിനാൽ പ്രസ്തുത തീരുമാനങ്ങളിൽ നിന്നും പഞ്ചായത്ത് പിൻമാറി. വടക്കാഞ്ചേരി സ്കീമിൽ താത്കാലിക അടിസ്ഥാനത്തിൽ മൂന്ന് ഷിഫ്റ്റ് പമ്പിംഗ് നടത്തി വരുന്നു.

കുരിയച്ചിറയിൽ ടാപ്പുകൾ സ്ഥാപിക്കുന്നതിന് നടപടി

38 (1190) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടിവെള്ളത്തിന് ബുദ്ധിമുട്ട് അനുഭവിക്കുന്ന കുരിയച്ചിറ (തൃശ്ശൂർ ഡിവിഷൻ) പ്രദേശത്ത് ആവശ്യമായ ടാപ്പുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) കുരിയച്ചിറ അറവുശാലയുടെ പരിസരത്തുള്ള കിണറുകളിലെ വെള്ളം ഉപയോഗിക്കാൻ കഴിയാത്ത വിധം രോഗാണുക്കൾ നിറഞ്ഞതിനാൽ ഈ പ്രദേശത്തുള്ളവർക്ക് ശുദ്ധജലം എത്തിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ;

(സി) ചിയ്യാരത്തുള്ള വാട്ടർ ടാപ്പിൽ പുതിയ ബൂസ്റ്ററും 50 എച്ച്.പി.യുടെ മോട്ടറും സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ അതിനായി എന്തൊക്കെ നടപടികളാണ് എടുത്തിട്ടുള്ളത് ;

(ഡി) കൂർക്കഞ്ചേരി, കണ്ണംകുളങ്ങര, വടൂക്കര, നെടുപുഴ, കണിമംഗലം, ചിയാരം പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly